# പ്രസന്നകേരളം

കുററിപ്പുഴ കൃഷ്ണപിള്ള

# യവനദാർശനികർ

## തെയിൽസും പൈത്തഗോറസും

ചിന്താശീലനായ മനുഷ്യൻ ഈ പ്രപഞ്ചത്തെ വ്യാഖ്യാനിക്കുവാൻ പലവിധത്തിൽ ശ്രമിച്ചുനോക്കിയിട്ടുണ്ട്. രണ്ടായിരത്തിൽപരം വർഷങ്ങൾക്കുമുമ്പുള്ള ഈ വ്യാഖ്യാനോദ്യമത്തിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാൽ രസാവഹങ്ങളായ പലതും അതിൽ കാണാൻ കഴിയും. മതം, തത്വജ്ഞാനം, ശാസ്ത്രം എന്നിങ്ങനെ ഇന്നു കാണുന്നവിധം വേർതിരിക്കുവാൻ വയ്യാതെ എല്ലാം കൂടിച്ചേർന്ന വ്യാമിശ്രമായ ഒരു വിചാരലോകത്തിലാണ് അന്നു മനുഷ്യൻ സഞ്ചരിക്കുന്നതു്. പ്രകൃതിശക്തികളുടെ പ്രവർത്തനത്തിൽ അന്ധാളിച്ചുപോയ മനുഷ്യൻ ആദ്യം അത്ഭുതോൽഭൂതങ്ങളായ കല്പിതകഥകളെക്കൊണ്ട് (Mythology) അവയെ വ്യാഖ്യാനിക്കുവാൻ ശ്രമിച്ചു ക്രമേണ കഥാമാർഗ്ഗത്തിൽനിന്നും അവന്റെ ചിന്ത സങ്കീർണ്ണവും സർവ്വവ്യാപകവുമായ ഒരു പദ്ധതിയിലേക്കു കടന്നു. അപ്പോഴാണ് തത്വജ്ഞാനവിചാരം (Philosophy) ഉദയംചെയ്തതു്. പാശ്ചാത്യരും പൗരസ്ത്യരും ആയ അനേകം ദാർശനികർ ഈഘട്ടത്തിൽ പല സിദ്ധാന്തങ്ങളും അവതരിപ്പിച്ചു. ഭാരതീയരുടെ സുപ്രസിദ്ധങ്ങളായ ഷഡ്ദർശനങ്ങൾ ഇക്കൂട്ടത്തിൽ പെട്ടവയാണല്ലോ. ഇവയ്ക്കു സമാനമായി പാശ്ചാത്യലോകത്തിൽ പ്രത്യക്ഷപ്പെട്ടതാണ് യവനതത്വജ്ഞാനം. യവനദാർശനികർ എന്നു കേൾക്കുമ്പോൾ സോക്രട്ടീസ്, പ്ളേറ്റോ; അരിസ്റ്റോട്ടൽ എന്നീ പ്രമുഖന്മാരുടെ പേരുകളാണ് നമ്മുടെ ഓർമ്മയിൽ ആദ്യംവരുന്നതു്. എന്നാൽ അക്കാലത്തും അവർക്കു മുൻപും ജീവിച്ചിരുന്ന തത്തുല്യരായ ചില പണ്ഡിതന്മാരുണ്ട്. അവരെപ്പററി മാത്രമേ ഈ ലേഖനത്തിൽ വിചാരണചെയ്യുന്നുള്ളു.

ബി. സി. ആറാം നൂററാണ്ട് മനുഷ്യന്റെ നാനാമുഖമായ സ്വതന്ത്രചിന്തയുടെ പ്രാരംഭഘട്ടമായിട്ട് കണക്കാക്കാം. പ്രാചീനഗ്രീസിലെ അന്നത്തെ പണ്ഡിതന്മാർ സംശയാത്മാക്കളും അന്വേഷണബുദ്ധികളും ആയിത്തീർന്നു. അക്കാലത്തുണ്ടായ സാമൂഹ്യവും രാഷ്ട്രീയവുമായ പരിണാമഭേദങ്ങളും മററു പരിതഃസ്ഥിതികളും ആണ് അവരെ അടിയുറച്ച യാഥാസ്ഥിതികത്വത്തിൽ നിന്നും ഉണർത്തിയതു്. പ്രാപഞ്ചികജീവിതത്തെപ്പററിയും പ്രകൃതിശക്തികളെപ്പററിയും അതുവരെ നിലവിലിരുന്ന വിശ്വാസങ്ങൾ തെററാണെന്ന ബോധം അവരെ ചോദ്യംചെയ്‌വാനും അന്വേഷിപ്പാനും പ്രേരിപ്പിച്ചു. പ്രകൃതിതത്വവിചാരത്തിലാണ് അവരുടെ ശ്രദ്ധ പ്രധാനമായി പതിഞ്ഞതു്. അതുകൊണ്ട് അവരെ ഒരുതരം പ്രകൃതിശാസ്ത്രകാരന്മാരായിട്ടും (Phsicisus) പരിഗണിക്കാവുന്നതാണ്.

### തെയിൽസ്. (Thales)

സോക്രട്ടീസിനു മുൻപുള്ള യവനതത്വജ്ഞാനികളിൽ പ്രഥമഗണനീയനാണ് തെയിൽസ്. ഇദ്ദേഹം ബി. സി. 624-നും 548-നും മദ്ധ്യേ ജീവിച്ചിരുന്നതായി പറയപ്പെടുന്നു. അന്നത്തെ നിലയ്ക്കു് ഒരു പണ്ഡിതൻ എന്നു പറഞ്ഞാൽ സർവ്വ വിഷയങ്ങളിലും പാണ്ഡിത്യമുള്ളവൻ എന്നാണ് സങ്കല്പം. തെയിൽസ് രാജ്യതന്ത്രം, ഗണിതം, ജ്യോതിശ്ശാസ്ത്രം ഇവയിലും പണ്ഡിതനായി ഗണിക്കപ്പെട്ടിരുന്നു. ഗ്രീസിലെ സപ്തധീരന്മാർ (Seven Wise men of Greece) എന്നു പുകൾപെററവരിൽ ഒരാൾ ഇദ്ദേഹമായിരുന്നുവത്രെ. തെയിൽസ് കാലേക്കൂട്ടി പ്രവചിച്ചിരുന്നതുപോലെ ബി. സി. 585 മേ മാസം 28-ാംനു ഒരു ഗ്രഹണം നടന്നതായും പറയപ്പെടുന്നു. പ്രപഞ്ചോല്പത്തി ജലത്തിൽ നിന്നാണെന്നുള്ള സിദ്ധാന്തമാണ് ഇദ്ദേഹം സ്ഥാപിച്ചതു്. മനുഷ്യക്ക് ആവശ്യമുള്ളവയെല്ലാം ജലത്തിൽ അടങ്ങിയിരിക്കുന്നു എന്നും ജലത്തിന്റെ പരിണാമഭേദങ്ങളാണ് മററുള്ള സകലവസ്തുക്കളുമെന്നും തെയിൽസ് വാദിച്ചിരുന്നു. "അപ ഏവ സസർജ്ജാദൗ" എന്ന ഭാരതീയവാക്യത്തിനും ഇതിനും തമ്മിലുള്ള സാദൃശ്യം നോക്കുക! ചുരുക്കത്തിൽ എല്ലാം ജലത്തിൽ നിന്നുണ്ടായി ജലത്തിലേക്കു തന്നെ തിരിച്ചുപോകുന്നു എന്നു സാരം. ജലം മഞ്ഞുകട്ടിയായും ആവിയായും രൂപാന്തരപ്പെടുന്ന കാഴ്ച ഇങ്ങനെയൊരനുമാനത്തിനു വഴികൊടുത്തിരിക്കാം.

### പൈത്തഗോറസ് Pythagoras

തെയിൽസിനേക്കാൾ പ്രസിദ്ധനും പ്രമുഖനും ആണ് പൈത്തഗോറസ്. ഒരു ഗണിതജ്ഞനെന്ന നിലയിൽ ഇദ്ദേഹത്തിന്റെ നാമധേയം ഇന്നും വിദ്യാലയങ്ങളിൽ മാറെറാലിക്കൊള്ളുന്നുണ്ടല്ലോ. ഗ്രീക്കു ജ്യാമട്രിയുടെ സ്ഥാപകൻ തന്നെ ഇദ്ദേഹമാണ്. പൈത്തഗോറസിന്റെ ജീവിതകാലം ബി. സി. 580-നും 507-നും മദ്ധ്യേയെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹം നാനാദേശങ്ങളിലും സഞ്ചരിച്ച് ഗണിതശാസ്ത്രസംബന്ധമായ പ്രസംഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. തന്റെ വിദ്യാർത്ഥിനികളിൽ ഒരുവളായ തിയോണോവിനെയാണ് ഇദ്ദേഹം വിവാഹം ചെയ്തതു്. ഗണിതശാസ്ത്രത്തിൽക്കൂടെ പ്രപഞ്ചരഹസ്യം വെളിപ്പെടുത്തുവാൻ ശ്രമിച്ച ഒന്നാമത്തെ പണ്ഡിതൻ പൈത്തഗോറസാണ്. ഈ പ്രപഞ്ചത്തിനടിസ്ഥാനം സംഖ്യകളാണെന്നു വാദിക്കുന്ന സാംഖ്യ സിദ്ധാന്തമാണ് ഇദ്ദേഹം സ്ഥാപിച്ചതു്. വസ്തുക്കളുടെ രൂപം, പരസ്പരബന്ധം, പരിണാമം, ക്രമം, ഒരേ രീതിയിലുള്ള ആവർത്തനം മുതലായവയെല്ലാം ആവിഷ്ക്കരിക്കുന്നതു് നമ്മുടെ സംഖ്യാബോധമാണ്. സംഖ്യകളെക്കൂടാതെ ഇവയൊന്നും പ്രകാശിപ്പിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് സർവ്വത്തിന്റെയും അടിസ്ഥാനം സംഖ്യകളാകുന്നു. എന്നു മാത്രമല്ല, പ്രപഞ്ചസത്തയും അവയിലാണ്. എല്ലാം സാംഖ്യമായ ഒരു ബന്ധത്തിൽ (Numberical relation) ഒരു സംഗീതോപകരണത്തിലെ ചരടിന്റെ നീളവും സ്വരത്തിന്റെ ഉച്ചനീചത്വവും തമ്മിലുള്ള ബന്ധം നോക്കുക. അതു കുറിക്കുന്നതു സംഖ്യയാണ്. അതുപോലെ ഈ മൂർത്താലോകം മുഴുവൻ സംഖ്യാബദ്ധമത്രെ. ഇങ്ങനെ വസ്തുതത്വം സംഖ്യയാണെങ്കിൽ സംഖ്യകളെസംബന്ധിച്ച് സത്യമായിട്ടുള്ളതെല്ലാം വസ്തുക്കളെസംബന്ധിച്ചും ശരിയായിരിക്കണം. സംഖ്യകളുടെ പ്രത്യേകതകളെന്തൊക്കെയാണ്? അവ ഒന്ന് രണ്ട് മൂന്ന് നാല് എന്നിങ്ങനെ ഒററയായിട്ടും ഇരട്ടയായിട്ടും തിരിഞ്ഞുപോകുന്നു. ഒററ പരിച്ഛിന്നവും ഇരട്ട അപരിച്ഛിന്നവും അത്രെ. ഈ പരിഛിന്നാപരിച്ഛിന്നങ്ങളുടെ, അഥവാ വിരുദ്ധസ്വഭാവങ്ങളായ ഒററയിരട്ടകളുടെ, ഒരു സംയോജനമാണ് പ്രപഞ്ചസത്തയെന്നു് പറയുന്നതു്. ഏകം, അനേകം, സ്ഥിതി, ഗതി, വലത്തു്, ഇടത്തു്, ആൺ, പെൺ, നന്മ, തിന്മ ഇങ്ങിനെയുള്ള ദ്വന്ദ്വങ്ങളെല്ലാം ഇതിൽനിന്നുണ്ടാകുന്നു. മൂർത്തവസ്തുക്കളെ മാത്രമല്ല, അമൂർത്തവസ്തുക്കളെപ്പോലും പൈത്തഗോറിയൻ സിദ്ധാന്തം സംഖ്യകളെക്കൊണ്ട് കുറിക്കുന്നുണ്ട്. സ്നേഹം, നീതി, ആരോഗ്യം മുതലായവയ്ക്കും അടിസ്ഥാനം സംഖ്യകളാണുപോൽ. എട്ട് എന്ന സംഖ്യ ചേർച്ചയെ കുറിക്കുന്നു എന്ന അടിസ്ഥാന

(ശേഷം 12-ാം പേജിൽ)

## വിഷയവിവരം

1 യവനദാർശിനികർ കുററിപ്പുഴ കൃഷ്ണപിള്ള
2. നോവൽപംങ്ക്തി
3. ശത്രു (ചെറുകഥ) ആൻറൺ ചെക്കോവ്
4. അ. തി. മുട്ടസമ്മേളനം സിയെസ്ജി
5. നാളത്തെപ്പുലരി പെരുന്ന കെ.വി തോമ്മസ്
6. ഗ്രന്ഥശാലാ പ്രസ്ഥാനവും ഗ്രാമീണപുനരുദ്ധാരണവും കെ ജെ തോമ്മസ്
7. 13-ാം പേജ് ബാലൻ
8. ജനറൽ ച്യൂറെ -- നാരായണൻകുട്ടി
9. നമ്മുടെ സാഹിത്യനിരൂപണം (2) ഏ ബാലകൃഷ്ണപിള്ള
10. തൊഴിലാളി

പ്രസന്നകേരളം
ദേശീയവാരിക
പുസ്തകം 18 ലക്കം 14
4—8—46
വില അണ.2

# ഞങ്ങളുടെ ലേഖകന്മാരും ലേഖനങ്ങളും

(പ്രസന്നകേരളം അച്ചടിപ്പതിപ്പ് സൂക്ഷിച്ചുകൊണ്ടിരിക്കുന്ന വായനക്കാരുടെ ഉപയോഗത്തിനായി കഴിഞ്ഞമൂന്നുമാസം ഞങ്ങൾ ചേർത്തിരുന്ന ലേഖനങ്ങളുടെ ഒരു ലിസ്റ്റ് താഴെ ചേർക്കുന്നു—പത്രാധിപർ)

## രാഷ്ട്രീയം

ലക്കം

1. ആർ. സുഗതൻ:-മെയ്ദിനം 1
   ,, കാശ്മീർ ചോദിക്കുന്നു 12
2. സി. ജെ. തോമ്മസ്: പട്ടംരാജിവയ്ക്കണം 7
   ,, പട്ടത്തിന്റെ രാജിപ്രശ്നം 10
3. കെ. വി. രാമകൃഷ്ണൻ: റഷ്യയും സ്റ്റാലിനും 7
4. കെ. എ. നമ്പ്യാർ, എം. എൽ. എ.
   റെയിൽവെ പണിമുടക്ക് 8
5. സി. നാരായണപിള്ള
   പട്ടം എന്തിനു രാജിവയ്ക്കണം? 9
6. പി. കൃഷ്ണപിള്ള: തൊഴിലാളികളുടെവിജയം 9
7. എം. എം. ചെറിയാൻ
   നാട്ടുരാജ്യങ്ങളും സാമ്രാജ്യതന്ത്രവും.... ....ലക്കം10,11
8. ഇ. എം. എസ്. നമ്പൂതിരിപ്പാട്
   പുതിയ വേവൽ പദ്ധതി 11
9. എച്ച്. ജി. വെത്സ്:രാജകീയ റിസർവ് 12

## സാമ്പത്തികം

1. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് ലക്കം
   ഇന്ത്യയിലെ ഭൂസ്വത്തുപ്രശ്നം ലക്കം1, 2, 3, 4, 5
2. എം. ഇ. മത്തായി ഇൻഡ്യയുടെ മിച്ചക്കടം 5
   പ്ളാനിംഗ് ആർക്കുവേണ്ടി 7
3. കെ. ദാമോദരൻ: നാണയവ്യവസ്ഥ 12

## വിദ്യാഭ്യാസം

1. മിസ്സ്. അക്കമ്മചെറിയാൻ
   നവീനവിദ്യാഭ്യാസപദ്ധതി ലക്കം1,2,4,5,6,9,10,13
2. കെ. ജെ. തോമസ് ലക്കം
   ഗ്രന്ഥശാലാപ്രസ്ഥാനം 2

## കഥകൾ നാടകങ്ങൾ

1. പൊൻകുന്നംവർക്കി: തൊഴിലാളി 1
2. കാരൂർ നീലകണ്ഠപ്പിള്ള: അത്ഭുതമനുഷ്യൻ 2
   ,, കിഴവന്റെ മറുപടി 7
3. വി. സി. ചാക്കോ: കാക്കത്തമ്പുരാട്ടി 3
4. മുട്ടത്തുവർക്കി: ഇതാണ് എന്റെ ദയ 3
5. ചങ്ങമ്പുഴ കൃഷ്ണപിള്ള: ആഭിചാരം 4
6. നാഗവള്ളിൽ ആർ. എസ്. കുറുപ്പ്:ജീവാഹുതി 5
   ,, റാണിയുടെ കാമുകൻ 8
7. അമ്പലത്തിൽ നാഗൻ: ഇരുൾനിറഞ്ഞ ബങ്കാൾ 5
8. വെട്ടൂർ രാമൻനായർ: പിതാവിന്റെ സ്വത്ത് 6
9. പി. എ. മുഹമ്മദ് കോയ: ശോകാത്മകമായ ഗാനം 6
10. എ. റ്റി. മാർക്സ്: തീയെത്തൊട്ടുകളിച്ചാൽ 7
    ,, ട്രാജഡി 4
11. കെ. രാമകൃഷ്ണപിള്ള: കൊടുങ്കാറ്റ് 8
    "നാളെ" .... .... 11
12. കെ. വി രാമകൃഷ്ണൻ: പട്ടണത്തിൽവച്ച് 9
13. തകഴിശിവശങ്കരപ്പിള്ള: ലുബ്ധന്റെ മുതൽ 10
14. എം. പ്രഭ:ശവകുടീരം 12
15. പി. സി. കുട്ടികൃഷ്ണൻ: എന്റെ മകൻ 13

## ഹാസ്യലേഖനങ്ങൾ

1. ഗോപി: തിരുവനന്തപുരം ജാഥാ 3
   ,, ജാഥായ്ക്കുശേഷം 8
   ,, ആററംബോംബ് മഹാമഹം 12
   ,, കുരുവന്ന പാമ്പ് 13
2. മീശാൻ:പടച്ചവൻ പണിമുടക്കണം 8
3. ഡീസി:പുതിയ രണ്ടാംപാഠം 10
4. കെ. ജെ. തോമസ്: സന്തോഷിക്കുക 11

## സാഹിത്യം, നിരൂപണം

1. എ. ബാലകൃഷ്ണപിള്ള
   നമ്മുടെ നോവൽപ്രസ്ഥാനം . ലക്കം 1
   പൊൻകുന്നം വർക്കിയുടെ "നിവേദനം" ,, 8
   നമ്മുടെ സാഹിത്യനിരൂപണം ,, 13
2. തകഴി ശിവശങ്കരപ്പിള്ള:പഴയതും പുതിയതും ,, 1
3. സി ജെ തോമ്മസ്
   പി കേശവദേവിന്റെ "സമരകവി" ,, 1
   കുററിപ്പുഴ.കൃഷ്ണപിള്ളയുടെ."നവദർശനം" ,, 2
4. പി. എ. പരമേശ്വരൻ നായർ
   സാഹിത്യത്തിലെ പുതുമ ,, 6
5. പി. കേശവദേവ്
   നമ്മുടെ സാഹിത്യത്തിന്റെ ഭാവി ,, 9,10
6. കുററിപ്പുഴ കൃഷ്ണപിള്ള: ഇ. എം. എസ്സിന്റെ
   "ഒന്നേകാൽ കോടി മലയാളികൾ" ,, 11
7. എസ്. ഗുപ്തൻ നായർ
   അനശ്വരതയിലേക്കുള്ള ക്ഷണം ,, 12

## ഗദ്യകവിത

1. പൊൻകുന്നം വർക്കി: സ്വാതന്ത്ര്യം ,, 8
2. കെ. സുരേന്ദ്രൻ: നവോഷസ്സ് ,, 9
3. തിരുവാപ്പ് ബാലൻ-ആഹ്വാനം ,, 11

## തൂലികാചിത്രം-ജീവചരിത്രം

1. സി നാരായണപിള്ള
   പട്ടാതാണുപിള്ളയുടെ തൂലികാചിത്രം ലക്കം 1,2
2. റ്റി. ചാണ്ടി: ബുലാഭായി ദേശായി ,, 2
3. കെ. മഹമ്മദ്ഷാഫി: രാഷ്ട്രപതിനെഹ്രു ,, 2
4. കെ. സി. മാമ്മൻമാപ്പിള
   എന്റെ സ്മരണകൾ ,, 3,4
5. ചിത്രഭാനു നമ്പൂതിരിപ്പാട്-ജംബുൾ ,, 3
6. സി. ജെ. തോമ്മസ്
   പി. റ്റി. പുന്നൂസിന്റെ തൂലികാചിത്രം ,, 5
7. തിരുവാപ്പ് ബാലൻ-ഗുരുമുഖസിംഗ് ,, 6
8. എം. നാരായണൻകുട്ടി-ചന്ദ്രശേഖർ ആസാദ് ,, 11
9. കെ. സുരേന്ദ്രൻ-അപ്ടൻസിംക്ലയാർ ,, 12
10. രമേശ് ചന്ദ്രാ-രജനി പാമിദത്ത് ,, 12
11. ലൂസിലൈററ്ഫുട്ട്-ആനന്ദശിവറാം ,, 13

## പലവക

1. വക്കം രാമകൃഷ്ണൻ: ചീനഭാഷ ,, 3
2. മേരിജോൺ കൂത്താട്ടുകുളം: ക്ഷമാപണം ,, 5
3. സുകുമാർ-നിറുന്നയുവലോകം ,, 7
4. വറുഗീസ് കളത്തിൽ
   ഹൂവറുടെ മനസ്സലിയുമോ? ,, 8
   ഹൂവറുടെ പരാക്രമങ്ങൾ ,, 10
5. എം. പി. പോൾ "സംഗീതമപി" ,, 13
6. വി. സി. ചാക്കോ: മാററം ,, 13

## നോവൽ

"ഐവാൻ നിക്കുലിൻ ലക്കം 5, 6, 7, 8, 9, 10, 12

(ശേഷം 10-ാംപേജിൽ)

---

സന്ധ്യകഴിഞ്ഞു, വീണ്ടും അതേ പരിപാടി. ബക്ക്, സ്റ്റൌ കത്തിയ്ക്കു്, കെററിൽ ശരിയാക്ക്, കെററിൽ ചെറിയതായതുകൊണ്ട് അവൾക്കു പലേ പ്രാവശ്യവും വെള്ളം തിളപ്പിക്കേണ്ടിവന്നു. അതിഥികൾ വന്നിട്ടുണ്ട്, ചായസൽക്കാരത്തിനുശേഷം അവൾ ഒരു മണിക്കൂർ നേരം അതിഥികളുടെ മുമ്പിൽ വല്ല ആവശ്യവും ഉണ്ടോ എന്നു പ്രതീക്ഷിച്ചുകൊണ്ടുനിന്നു.

ബക്കാ മൂന്നുകപ്പി മദ്യംകൊണ്ടുവാ; ഈ കൽപ്പന കേട്ട മാത്രയിൽ അവൾ കഴിയുന്നത്ര വേഗത്തിൽ ഓടി, ഓടുമ്പോൾ ഉറക്കം വരികയില്ലല്ലോ.

"ബക്കാ ഗ്ലാസ്സുകൾ കഴുക്" അങ്ങിനെ പിന്നേയും പലജോലികൾ, ഒടുവിൽ അതിഥികളെല്ലാം പിരിഞ്ഞു. വിളക്കണച്ച് യജമാനനും യജമാനത്തിയും ഉറങ്ങുവാൻ പോയി. "കുട്ടിയെ ഉറക്കണം, കരയിക്കരുത്" എന്നൊരു ഉത്തരവും.

"എൻ കുഞ്ഞുറങ്ങുക, എൻ കുഞ്ഞുറങ്ങുക.

ഞാനൊരു പാട്ടുപാടാം. ... അതാ, ബക്കാ മൂളുവാൻതുടങ്ങി. അവൾ ഒന്നുറങ്ങി. ആ സ്വപ്നലോകം, അതേ പരിചയപ്പെട്ട യാത്രക്കാർ, ആ വീതിയുള്ള ചെളിപുരണ്ട തീരത്ത്, കുഞ്ഞു കരഞ്ഞു. അവൾ കൺതുറന്നുനോക്കി. ദീപനാളം ഒന്നു പിടഞ്ഞു.

കുഞ്ഞു കരയുകതന്നെയാണ്. അവൾക്കുതോന്നി, ഈ കുഞ്ഞ്, തന്നെ ജീവിക്കുവാൻ അനുവദിക്കയില്ലെന്ന്. അവളുടെ ശത്രുവിനെ അവൾ കണ്ടുപിടിച്ചു. ഈ കുഞ്ഞാണ് എന്റെ ശത്രു" അവൾ ഒന്നു ചിരിച്ചു. അവൾ തൊട്ടിൽവിട്ട് മുറിയിൽ സന്തോഷത്തോടെ ഉലാത്തി. അവൾ ഇന്നു തന്റെ ശത്രുവിനെ കണ്ടുപിടിച്ചിരിക്കുന്നു. അവൾക്കു വളരെ എളുപ്പത്തിൽ മുക്തി നേടാം. പിന്നെ സ്വാതന്ത്ര്യത്തോടെ ഉറങ്ങാം. കുഞ്ഞിനെ ശ്വാസംമുട്ടിച്ചു കൊല്ലുക .... പിന്നെ ഉറക്കം തന്നെ ഉറക്കം.

അവൾ നിശ്ശബ്ദമായി തൊട്ടിലിനെ സമീപിച്ചു. കുഞ്ഞിനെ ഒന്നു കുനിഞ്ഞുനോക്കി. അതിന്റെ കഴുത്തു്. ഞെരിച്ചു-പിന്നെ അവൾ നിലത്തു കിടന്നു. നല്ലവണ്ണം ചിരിച്ചു. എന്തെന്നാൽ; ഇനി അവൾക്കു സ്വാതന്ത്ര്യത്തോടെ ഉറങ്ങാം.—

അടുത്തക്ഷണം അവൾ സുഖനിദ്രയിൽ ലയിച്ചു.

ന്നതിനുള്ള പരിതസ്ഥിതികൾ ഉണ്ടെന്നു കാണുന്നതിൽ ഈ സമ്മേളനം സന്തോഷിക്കുന്നു. 114-ലെത്തു പോലെ സുഖസമൃദ്ധമായ ഒരു ജീവിതം അടുത്തുതന്നെ നയിക്കുവാൻ സാധിക്കുമാറുള്ള ഗവമെൻറിൻെറ ഇന്നത്തെ നയത്തെയും, അതിനു സഹായകമായ സ്റ്റേററുകോൺഗ്രസ്സ് കമ്മ്യൂണിസ്റ്റ് പാർട്ടി, കത്തോലിക്കാ കോൺഗ്രസ്സ് തുടങ്ങിയ സംഘടനകളുടെ പ്രവർത്തനങ്ങളേയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ ഇതിനെതിരായ ഒരുനില ചില കോൺഗ്രസ്സ് നേതാക്കന്മാർ തന്നെ ഇന്നു സ്വീകരിച്ചുകാണുന്നത് അത്ഭുതകരമായിരിക്കുന്നു. അങ്ങിനെയുള്ളവരിൽ ചിലരുടെ ചില പ്രതീക്ഷകളും പ്ലാനുകളും ഒക്കെ ഇവിടെ സന്നിഹിതരായിട്ടുള്ള കട്ടിലുമൂട്ട യൂണിയൻ പ്രതിനിധികളിൽ നിന്നും ഈ സമ്മേളനത്തിനു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവയെല്ലാം വെറും വ്യാമോഹങ്ങളാണെന്ന് ഈ സമ്മേളനം അവക്കു താക്കീതു നൽകുകയും രാജ്യത്തിനാകെയും ഞങ്ങളുടെ ജയിൽ മൂട്ടകൾക്ക് പ്രത്യേകിച്ചും ചെയ്തിട്ടുള്ള സംഭാവനകൾ വഴി അവർ ആർജ്ജിച്ചിട്ടുള്ള സ്ഥാനത്തിനും സൽപേരിനും അവരുടെ ഇന്നത്തെ നയം തികച്ചും ദോഷകരമാണെന്ന് അറിയിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഗവമെൻറു സ്വീകരിച്ചിരിക്കുന്ന ഉറച്ചനിലയെ ഈ സമ്മേളനം വീണ്ടും അഭിനന്ദിക്കുന്നതോടൊപ്പം ഇപ്പോൾ ജയിൽമൂട്ടകൾക്കു നൽകിയിരിക്കുന്ന റേഷനിൽ പോഷകാംശം കുറഞ്ഞുവരുന്നതിനെ ഗവമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുകയും, ഇന്നത്തെ അനുകൂലപരിതസ്ഥിതിയിൽ കൺട്രോളും റേഷനിംഗും എടുത്തുകളഞ്ഞ് ജയിലുകളിലെങ്കിലും യുദ്ധത്തിനുമുമ്പുള്ള സ്ഥിതിസൃഷ്ടിക്കണമെന്ന് ഈ സമ്മേളനം ഗവമെൻറിനോടഭ്യർത്ഥിക്കുന്നു.

5. തിരുവിതാംകൂറിലെ നിയമസമിതികളിൽ, ഞങ്ങൾക്കു ജനസംഖ്യാനുപാതികമായ പ്രാതിനിധ്യക്കുറവുതന്നെയിന്നു ചുരുക്കം ചിലരൊഴിച്ച് നിയമസമിതികളിലെ മററു മെമ്പറന്മാരെല്ലാം അശ്രദ്ധരായിഉറക്കം തൂങ്ങി കഴിഞ്ഞുകൂടുന്നത്. അതിനാൽ നിയമസമിതികളിൽ ഞങ്ങൾക്ക് ശരിയായ പ്രാതിനിധ്യം നൽകണം. അതുപോലെതന്നെ അഖിലേന്ത്യാ ഭരണഘടനാനിർമ്മാണ സമിതിയിൽ നാട്ടുരാജ്യപ്രജകളുടേതുപോലെ തന്നെ ഞങ്ങളുടെ പ്രാതിനിധ്യകാര്യവും അവഗണിക്കപ്പെട്ടിരിക്കുന്നതിനെ ഈ സമ്മേളനം പ്രതിഷേധിക്കുന്നു. ഇവിടെ നിന്നും പോകുന്ന ഓരോ പ്രതിനിധിയുടെയും കൂടെ അവരറിയാതെ ഈരണ്ടുപേരെന്ന കണക്കിനും ബാരിസ്റ്റർ എം. ആർ. രാമകൃഷ്ണപിള്ളയുടെ കൂടെ മൂന്നു പേരും അങ്ങനെ 13 പേരെ തെരഞ്ഞെടുത്തയക്കുവാൻ ഈ സമ്മേളനം പ്രസിഡണ്ടിനെ ചുമതലപ്പെടുത്തുന്നു.

6. ദിവാൻ; അഡ്മിനിസ്റ്റ്രേററീവ് സെക്രട്ടറി എന്നിവരെ കണ്ടു നിവേദനം സമർപ്പിക്കുവാനായി താഴെപറയുന്ന 50 പേരടങ്ങിയ ഒരു ഡെപ്യൂട്ടേഷനെ ഈ സമ്മേളനം നിയോഗിക്കുന്നു.

ഈ സമയത്ത് സമ്മേളനഹാളിൽ ഒരു സിഗററു കുററി വന്നുവീഴുകയാൽ തിരഞ്ഞെടുപ്പു നടക്കാതെ സമ്മേളനം പിരിഞ്ഞുപോയി.

പെരുന്ന കെ. വി. തോമസ്

# നാളത്തെ പുലരി

ശോകത്തിൻെറ മതിൽക്കെട്ടിനുള്ളിൽ എരിപൊരിക്കൊണ്ടു, കണ്ണുനീരൊഴുക്കി, ദുരിതപൂർണ്ണമായ ജീവിതം തള്ളിനീക്കുന്ന ഏഴകൾ ഇരുളിൻെറ കട്ടക്കരിമ്പടം വലിച്ചെറിഞ്ഞ ശേഷം ഉൽപ്പതിഷ്ണുവായി ഉണർന്നെഴുന്നേൽക്കുന്ന സുമംഗള മുഹൂർത്തമാണ് നാളത്തെ പുലരി. സ്വാതന്ത്ര്യത്തിൻെറ ഒരു നിറകുടമാണ് നാളെ. ഇരുൾനിറഞ്ഞ ആകാശം — അന്നു ചെഞ്ചായം പൂശും.

കിളികളുടെ കളകൂജനമല്ല അന്നു ലോകം ശ്രവിക്കുന്നത്. പിന്നെയോ വയറിൻെറ ആളിക്കത്തലാൽ ആവേശംകൊണ്ടു ഞെരിഞ്ഞിരക്കുന്ന സാധുക്കളുടെ അവകാശവാദങ്ങളാണ്.

ഉഗ്രസംഹാരമൂർത്തികളേപ്പോലെ പഴമയുടെ പ്രേതങ്ങൾ അവരുമായി ഏററുമുട്ടും. പോയ ഒരു തലമുറയ്ക്കുവേണ്ടി അവർ തീവ്രവാദം നടത്തും. ആയുധമെടുക്കും!! അണിനിരക്കും!! രക്തം ചിന്തും.

യാഥാസ്ഥിതികത്വവും ഉൽപ്പതിഷ്ണുത്വവും തമ്മിലുള്ള പോരാട്ടം, ഹാ! ആ അടർക്കളത്തിൽ അത്യുഗ്രമായി നടക്കും ഫ്രഞ്ചുവിപ്ലവവും റഷ്യൻ വിപ്ലവവും അന്നു ഗ്രീളയാൽ നമ്രവദനരായി നിലകൊള്ളും. കാരണം നവ്യപ്രചോദനം കൊണ്ട് മോഹനതക്കുവേണ്ടി പഴമകളെ തച്ചുടക്കുവാൻ കച്ചകെട്ടിയ വികാരത്തിൻെറ പ്രഥമ പ്രതിഫലനമായിരുന്നു അത്. അന്ത്യമാണ് വിജയം നിശ്ചയിക്കേണ്ടത്. ഇതാ അന്ത്യസമരം! നാളെയാണ് യുദ്ധം!; നാളെയാണ് വിജയം!! നാളെയാണ് സമത്വം! സ്വാതന്ത്ര്യം!! സാഹോദര്യം!!

ആ കൊടുങ്കാററ് സാധുവിൻെറ കൊച്ചുകുടിലിലൊക്കെ ഓലയെയല്ല പറത്തുന്നത്. മുതലാളികളുടെ മണിമാളികകളിലെ ഓടിനെയാണ്. അതിൻെറ ചുഴലിയിൽ കിരീടം പഞ്ഞിപോലെ പറക്കും. ചെങ്കോൽ ഛിന്നഭിന്നമാകും. കൊട്ടാരം അടിതെററി നിലംപതിക്കും.

അന്ന് ചിരിപ്പായുന്ന ഓരോ മിന്നൽ പിണറുകളിൽകൂടി "കാറൽമാർക്സ്" പുഞ്ചിരിതൂകും. അന്നത്തെ ഇടിമുഴക്കത്തിൽകൂടി "ഗോർക്കി"യുടെ ഗംഭീരകവിതകൾ മാറെറാലിക്കൊള്ളും. ഭൂമിയെ തണുപ്പിക്കുന്ന മാരിയിൽകൂടി "ലെനിൻ" സന്തോഷാശ്രുപൊഴിക്കും.

നാളത്തെ സുപ്രഭാതമേ!! നീ ആഗതനായാലും. ഞങ്ങൾ നിൻെറ വഴിത്താരയിൽ ചൊരിമണൽ വിരിച്ചുകഴിഞ്ഞു. പരവതാനി നിരത്തുന്നു. വെള്ളിപ്പൂക്കൾ വാരിച്ചൊരിയുന്നു.

ഹാ!! അന്നുമുതൽ എൻെറ മാതൃഭൂമി എനിക്കു കാരാഗ്രഹമല്ല. ഇന്നിതാ എന്നെ പെററുവളത്തിയ ജന്മനാട് എനിക്കുതന്നെ ജയിലായിതീർന്നിരിക്കുന്നു ഞങ്ങളെ തിന്നുന്ന നിയമങ്ങളാണ് അവർ അവിടെ സൃഷ്ടിച്ചു വയ്ക്കുന്നത്. ഹാ!! ജന്മദേശമേ!!

സാധുക്കളുടെ ഹൃദയരക്തം കൊണ്ടു അരക്കിട്ടുറപ്പിച്ച നിയമമന്ദിരങ്ങൾ തകർന്നുവീഴുന്ന അന്ത്യമണിനാദം അതാമുഴങ്ങുന്നു. അതിനു വർഷങ്ങൾ വേണ്ട. ദിനങ്ങൾ വേണ്ട. ഏതാനും നിമിഷങ്ങൾമാത്രം. ഒന്നുരണ്ടുനിമിഷങ്ങൾ.

കുററമററതാണ് ആ പുലരി വിഷമം സഹിക്കുന്ന ഒരു മുഖം അവിടെയെനിക്കു കാണുവാൻ സാധിക്കുകയില്ല. ആത്മാർത്ഥതയ്ക്കുവിടെ വിലയുണ്ടായിരിക്കും.

അന്നു മുതൽ സാധുവിൻെറ മേൽ കുതിര കയറുന്ന മുതലാളിത്വം നൂററാണ്ടുകളുടെ പിൻപിൽ പോയി ഓടി മറയും. മതം അതിൻെറ ചൂഷണ വിദ്യ നിർത്തും.

പൌരോഹിത്യത്തിൻെറ മയക്കു മരുന്ന് ആ കമ്പോളത്തിൽ വില്ക്കുവാൻ സാദ്ധ്യമല്ല. കരിഞ്ചന്തക്കാർ ഒന്നമ്പരക്കും സാധുക്കൾ നെടുതായൊന്നു നിശ്വസിക്കും.

ചിന്തിപ്പിക്കുവാൻ കരുത്തുള്ള ഒരന്തരീക്ഷം ഓജസ്സോടു കൂടി അവിടെ ഓടിയണയും. ഞാനും നീയും അവിടെ കാണുകയില്ല. ജീവകാരുണ്യവും മനുഷ്യത്വവും അവിടെ നിന്നു സജീവമായി പുഞ്ചിരി തൂകും.

അന്നു ഭഗവാൻ ക്രിസ്തുരജത മേഘങ്ങൾക്കിടയിൽക്കൂടി വീണ്ടുമാഗതനാകും. അത്യുച്ച ഭാഷയിൽ ഭഗവാൻ വിളിച്ചു പറയും "ഈ നവയുഗത്തിനു വേണ്ടിയാണ് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് താൻ കുരിശേറിയത് എന്നു"

ഇടപ്പള്ളി രാഘവൻപിള്ള
യെക്കുറിച്ചുള്ള സ്മരണകൾ
അടുത്തലക്കംമുതൽ
(കർക്കടകം 26-ാംനു-)
പ്രസന്നകേരളത്തിൽ
വായിക്കുക.
ലേഖകൻ,
ചങ്ങമ്പുഴകൃഷ്ണപിള്ള എം. എ.

ധാതുകല്പം

നിങ്ങളുടെ ശരീരം ഏവർക്കും സങ്കടകരമാംവിധം മെലിഞ്ഞും ധാതുശക്തി നിങ്ങളുടെ അഭിമാനത്തേയും ആനന്ദത്തേയും നശിപ്പിക്കത്തക്ക രീതിയിൽ ക്ഷയിച്ചും ഇരുന്നുകൊള്ളട്ടെ! നിങ്ങൾ വൃദ്ധനായാലും യുവാവായാലും ശരി; ധാതുകല്പം നിങ്ങളുടെ ശരീരത്തിൽ എല്ലാ അവയവങ്ങൾക്കും മാംസപേശികൾക്കും ശരിയായ പുഷ്ടിയും, ബലവും ഓജസ്സും ഉളവാക്കി ശരീരം പുഷ്ടിപ്പെടുത്തുകയും, ധാതുശക്തിയെ പതിന്മടങ്ങു വർദ്ധിപ്പിച്ച് നിത്യയൌവ്വനം പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ലിംഗശൈഥില്യത്തെ അകററുന്നു. ദാമ്പത്യജീവിതം വിജയകരമാക്കുന്നു. ആരോഗ്യപരമായ ദീർഘായുസ്സു പ്രദാനം ചെയ്യുന്നു. പ്രകൃത്യാ മെലിഞ്ഞവരേയും പുഷ്ടിപ്പെടുത്തും.

റാത്തൽ ഒന്നിന് ആറുരൂപാ മാത്രം. പാക്കിങ്ങുപോസ്റ്റേജ് പ്രത്യേകം.

മാനേജർ,
വിജയാ ഫാർമസി. H. O. തട്ടാരമ്പലം, P. O. മാവേലിക്കര
ബ്രാഞ്ച് —പുതിയവിള. തിരുവിതാംകൂർ.

# പുതിയ പ്രസിദ്ധീകരണങ്ങൾ

## പുരോഗതി

എറണാകുളം മഹാരാജാസ് കോളജ് "സാഹിത്യകലാസമിതി"യുടെ ഒരു വിശേഷാൽ പ്രസിദ്ധീകരണമാണ് "പുരോഗതി". ശ്രീമാന്മാർ, ഏ. ബാലകൃഷ്ണപിള്ള, എം. പി. പോൾ, ജി. ശങ്കരക്കുറുപ്പ്, പി. ശങ്കരൻ നമ്പ്യാർ, കാരൂർ നീലകണ്ഠപ്പിള്ള, എസ്. കെ. പൊറ്റെക്കാട്ട് മുതലായി മലയാളസാഹിത്യത്തിൽ പേരും പെരുമയും നേടിയ സാഹിത്യകാരന്മാരുടെ തൂലികാവിലാസം കൊണ്ട് ഈ വിശേഷാൽപ്രതി അലംകൃതമാണ്. ലേഖനങ്ങളുടെ വൈവിധ്യവും, അച്ചടിയുടെ മേന്മയുംകൊണ്ട് ഇതു് വാങ്ങി സൂക്ഷിക്കേണ്ട ഒന്നാണെന്ന് ഞങ്ങൾ കരുതുന്നു.

## സാരഥി

കോട്ടയത്തുനിന്ന് പുറപ്പെടുന്ന "സാരഥി" കൈപ്പററിയിരിക്കുന്നു. വളരെ നല്ല ചില ഫലിതലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിനോദമാസികയാണ് സാരഥി. "മനസ്സിലായി" മുതലായ തലക്കെട്ടുകളിൽ ചില സ്ഥലവാർത്തകൾ (?) പ്രസിദ്ധപ്പെടുത്തുന്ന രീതി നിലയും വിലയുമുള്ള പത്രങ്ങളുടെ അഭിമാനത്തിന് പററിയതല്ല. അത്തരം രീതികളിലേക്ക് സാരഥി താഴുകയില്ലെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. ഈ മാന്യസഹജീവിയ്ക്കു് സകല ഭാവുകങ്ങളും ആശംസിക്കുന്നു.

## സുപ്രഭ

പുരോഗമനപരമായ ആദർശങ്ങൾ രാഷ്ട്രത്തിലും സാഹിത്യത്തിലും പ്രചരിപ്പിക്കുവാൻ വേണ്ടി നടത്തപ്പെടുന്ന ഒരു വാരികയാണ് കൊച്ചിയിൽ നിന്ന് പുറപ്പെടുന്ന സുപ്രഭ. അനൈക്യം കൊണ്ട് താറുമാറായി കിടക്കുന്ന കേരളത്തിലെ ദുഷിച്ച അന്തരീക്ഷം ശുദ്ധമാക്കുവാൻ "സുപ്രഭ"യുടെ പരിശ്രമത്തിന് ഞങ്ങളുടെ ഹൃദയംഗമമായ ആശംസകൾ. ഉയർന്നു വരുന്ന സാഹിത്യകാരന്മാരായ അതിന്റെ പത്രാധിപന്മാർ ശ്രീ. പി. എസ്സ്. ദാമോദരനും, ശ്രീ പോഞ്ഞിക്കര റാഫിയ്ക്കും അഭിനന്ദനം.

## ത്രൈമാസികം

സമസ്തകേരളസാഹിത്യപരിഷത്ത് ത്രൈമാസികത്തിന്റെ മൂന്നാംലക്കം, ഉള്ളടക്കം കൊണ്ടും, ഗെററപ്പ് കൊണ്ടും പരിഷത്ത് ഭാരവാഹികൾക്ക് അഭിമാനിക്കാവുന്ന ഒരു പ്രസിദ്ധീകരണമാണ്. വള്ളത്തോൾ, ശങ്കരക്കുറുപ്പ്, കെ. രാമകൃഷ്ണപിള്ള, പി. ശങ്കരൻ നമ്പ്യാർ, തകഴി ശിവശങ്കരപ്പിള്ള, കുററിപ്പുഴ കൃഷ്ണപിള്ള, കെ. ദാമോദരൻ, കുട്ടികൃഷ്ണമാരാര്, എസ്സ്. ഗുപ്തൻനായർ, ഡി. പി. ഉണ്ണി മുതലായ സാഹിത്യകാരന്മാരുടെ, കവിത, കഥ, ലേഖനം, വിമർശം ഇവയെല്ലാം ഒരുമിച്ച് ഒരു ലക്കത്തിൽ കാണുന്നതു് ഒരു വലിയ വിജയം തന്നെയാണ്.

പുസ്തകങ്ങളുടെ ലിസ്റ്റ്

### 1. വീരവാദം

(കവിതകൾ)

അക്കിത്തത്ത് അച്യുതൻ നമ്പൂതിരി (മംഗളോദയം, തൃശ്ശൂർ) വില. എട്ടണ.

### 2 തകഴിയുടെ കഥകൾ

(പ്രസാധകന്മാർ: 2458-ാം നമ്പർ സാ. പ്ര. സഹകരണസംഘം ക്ലിപ്തം, കോട്ടയം) വില 1 ക. 4.

### 3. നവയുഗം

(കവിതകൾ)

കെ. പി. ജി.

(മംഗളോദയം, തൃശ്ശൂർ) വില 1 രൂപാ

### 4. മർദ്ദിതർ

(കവിതകൾ)

പി. ഭാസ്കരൻ)

(ദേശാഭിമാനിപബ്ലിഷിംഗ് ഹൗസ്, ചാലപ്പുറം, കോഴിക്കോട്) വില 6 ണ.

### 5. റഷ്യയും മതവും

(പീപ്പിൾസ് റീഡിംഗ് റൂം, ആലപ്പുഴ) വില 8 അണ.

## നമ്മുടെസാഹിത്യനിരൂപണം

(ഒൻപതാംപേജിൽനിന്ന്)

"ആദർശ"ത്തോട്, അഭേദ്യബന്ധങ്ങളുള്ള സാങ്കേതികമാർഗ്ഗം യുഗംതോറും മാറിമാറി വരുന്നതിനെപ്പററി പ്രസ്താവിച്ചിട്ടുള്ള ഒരു അഭിപ്രായവും ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. ഇന്നു "പ്രിമിററിവ്സ്" (പഴയ കലാകാരന്മാർ) എന്ന ഒററപ്പേരിൽ കൂട്ടിച്ചേർത്തിട്ടുള്ള സംഗീതകാരർ—അതായതു്, ഏ. ഡി. 1600-നു മുമ്പുള്ളവർ—തങ്ങളുടെ സാങ്കേതികമാർഗ്ഗത്തിന് ഇന്നുള്ളവരുടേതിനേക്കാൾ പുരോഗമനാത്മകത്വം കുറഞ്ഞിരുന്നതുകൊണ്ടല്ല, പിന്നെയോ തങ്ങളുടെ യുഗത്തിലെ വികാരപരമായ അന്തരീക്ഷത്തെ തങ്ങൾ സ്വീകരിച്ചിരുന്ന സാങ്കേതികമാർഗ്ഗം മുഖേന മാത്രമേ ഉത്തമമായ രീതിയിൽ പ്രതിബിംബിപ്പിക്കുവാൻ സാധിക്കുകയുള്ളു എന്ന പരമാർത്ഥം ഗ്രഹിച്ചിരുന്നതു നിമിത്തം മാത്രമാണ് അതിനെ അംഗീകരിച്ചിരുന്നതു് എന്നത്രെ പ്രസ്തുത അഭിപ്രായം. മൗലികമായ വ്യക്താതീതത്വമുള്ളതു നിമിത്തം യുഗാത്മകനിരൂപണത്തിനു സാപേക്ഷമായ ഒരു സ്ഥിരതയും, സാപേക്ഷമായ ഒരുതരം പ്രമാണത്വവുമുണ്ടായിരിക്കും. അഭേദ്യമായ നിയമശൃംഖലകളിൽ കുടുങ്ങി അതിനു വിമ്മിഷ്ടപ്പെടേണ്ടിവരുന്നതുമല്ല.

ഭാഷാസാഹിത്യത്തിൽ പ്രസ്തുത യുഗാത്മകനിരൂപണം ഇദംപ്രഥമമായി സ്ഥാപിച്ചവൻ ഞാനാണെന്നുള്ള പരമാർത്ഥം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. വയസ്സോൽ തുറുതുല്യം പുകയൻ, യുക്തിശൂന്യം അരാജകം, വിശ്വാമിത്രന്റെ സ്വർഗ്ഗസൃഷ്ടിക്കു തുല്യം, പക്ഷപാതജടിലം, ആശ്രിതവാൽസല്യപൂർണ്ണം, പരിശോധന അർഹിക്കാത്തവിധം കഥയില്ലാത്തതു്, കവികളെ വഴിതെററിക്കുന്നതു്, തലതിരിഞ്ഞതു്, പോത്തൻ, ആദിയായ പ്രശംസാത്മകവിശേഷങ്ങൾകൊണ്ടു നമ്മുടെ സൂക്ഷ്മദൃക്കുകളായ നിരൂപകർ പൂജിച്ചിട്ടുള്ള എന്റെ നാലുദീർഘ അവതാരികകളും—അതായതു, "മണിനാദം" "സ്പന്ദിക്കുന്ന അസ്ഥിമാടം" "കടത്തുവഞ്ചി,, "നിമിഷം" എന്നീകൃതികളുടെ അവതാരികകളും—ഭാഷാസാഹിത്യത്തിൽ വളരെ നല്ല ഒരു ഭാവിയുള്ള ശ്രീ പോഞ്ഞിക്കര റാഫിയുടെ "ഭാവി"യുടെ ചെറിയ അവതാരികയും മുഖേനയാണു പ്രായേണ ഞാൻ പ്രസ്തുത നിരൂപണപദ്ധതി കേവലം ശാസ്ത്രീയവും അസംസ്കൃതവുമായ രൂപത്തിൽ സ്ഥാപിച്ചിട്ടുള്ളതു്. ഒരു നേരമ്പോക്ക് ഒരു സ്കോട്ട്ലണ്ടുകാരൻ മനസ്സിലാക്കണമെങ്കിൽ, അയാളുടെ തലയിൽ ഒരു ശസ്ത്രക്രിയ നടത്തിയേ മതിയാവു എന്ന് ഒരു ഇംഗ്ലീഷ് സാഹിത്യകാരൻ പറഞ്ഞിട്ടുണ്ട്. ഇതുപോലെ, ഒരു പുതിയ പദ്ധതിയുടെ ആവശ്യവും അതിന്റെ സ്വഭാവവും കേരളത്തിലെ സഹൃദയ ഭൂരിപക്ഷം ഗ്രഹിക്കണമെങ്കിൽ, ചത്തുമരിച്ച പഴമയോടുള്ള ബഹുമാനംമാത്രം കൊണ്ടു നിറഞ്ഞിട്ടുള്ള അവരുടെ തലകളിൽ ശസ്ത്രക്രിയകൾ ചെയ്യേണ്ടതായിവരും.

യുഗാത്മകനിരൂപണത്തിന്റെ സ്ഥാപകൻ ഞാനാണെന്ന് ഇപ്രകാരം പറയുന്നതു് ഔദ്ധത്യമായിരിക്കുമെങ്കിലും, പഴമയെ ധ്യാനിക്കുവാനായി കണ്ണു രണ്ടും ഇറുക്കിയടച്ചിരിക്കുന്നതു നിമിത്തം പ്രായേണ പരിതസ്ഥിതികാണാത്ത കുരുട്ടുഞണ്ടുകളായി ഭവിച്ചിട്ടുള്ള ഇവിടത്തെ സഹൃദയഭൂരിപക്ഷത്തെ ഇത്തരം ഒരു പുതിയ നിരൂപണപദ്ധതി കാണുന്നതിനു പ്രേരിപ്പിക്കുവാൻ ബർണാഡ്ഷായെ അനുകരിച്ചു. ഇങ്ങനെയുള്ള ഉദ്ധതപ്രഖ്യാപനങ്ങൾ ചെയ്യാതെ ഗത്യന്തരമില്ലെന്നു വന്നുപോയതിനാലാണു ഞാൻ ഇപ്രകാരം ചെയ്യുന്നതു്. കരുപ്പട്ടിക്കടയിൽ കേറിയ നായരെപ്പോലെ, കല അങ്ങാടിയോ പച്ചയോ എന്ന് അറിയാതെ കലാലോകത്തിൽ പ്രവേശിച്ച് അതിലുള്ള ശാന്തിയേയും ചിട്ടയേയുംഅലങ്കോലപ്പെടുത്തി വിപ്ളവമുണ്ടാക്കിയ കേവലം ഒരു അരാജകചിന്തകനായ എന്റെ ധിക്കാരത്തിന്റെ ആകസ്മികഫലമായി പ്രസ്തുത യുഗാത്മക നിരൂപണം ഭാഷാസാഹിത്യത്തിൽ ജന്മമെടുത്തു. ഇതിന്റെ ഗുണവശങ്ങൾ മനസ്സിലാക്കി ഇതിന്റെ ചില അംശങ്ങൾ അല്പം സംശയത്തോടുകൂടിയാണെങ്കിലും, സ്വീകരിച്ച നിരൂപണം നടത്തുവാൻ തുടങ്ങിയി

(4-ാംപേജിൽനിന്നുംതുടർച്ച)

## സിനിമാ

ലക്കം 1, 2, 3, 4, 5, 6, 7, 10, 13

## തൊഴിലാളിലോകം

എല്ലാ ലക്കങ്ങളിലും

## പഴയലക്കങ്ങൾ

പ്രസന്നകേരളത്തിന്റെ പഴയ ലക്കങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള വളരെ കത്തുകൾ കിട്ടുന്നുണ്ട്. പഴയ ലക്കങ്ങൾ ഒന്നും തന്നെ ഇല്ലെന്നറിയിച്ചുകൊള്ളുന്നു.

മാനേജർ

PARKLANDS

NEAR ZILLA COURT, KOTTAYAM

( THE ESQUIRE'S REST HOUSE )

Managed by the Hotel de Park Peoples

# തൊഴിലാളിലോകം

## ആലപ്പുഴ സമ്മേളനം

"അഖിലേന്ത്യാ പോസ്റ്റൽ തൊഴിലാളികളുടെ എത്രയും ന്യായവും, മിതവും ആയ അടിയന്തിരാവശ്യങ്ങൾക്കു വേണ്ടി രാജ്യവ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന പണിമുടക്കുസമരത്തെ പരാജയപ്പെടുത്തുന്നതിനു തൊഴിലാളികളുടെ പ്രാതിനിധ്യമില്ലാത്തവരുമായി "കാവൽ ഗവർമ്മെൻറു" കൂടിയാലോചനകൾ നടത്തുന്നതു് അപൽക്കരവും, ആക്ഷേപാർഹവുമാണ്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ സ്വതസ്സിദ്ധമായ സ്വഭാവമാണ് ഈ പണിമുടക്കിൻെറ നേരെയും കാവൽ ഗവർമ്മെൻറു സ്വീകരിച്ചിരിക്കുന്ന നയത്തിൻെറ അർത്ഥം. ഈ നടപടിക്കെതിരായി ഇൻഡ്യ ഒട്ടാകെയുള്ള സംഘടന തൊഴിലാളികൾ സമരം ചെയ്യുന്നതായിരിക്കും." എന്നിപ്രകാരമാണ് അഖിലേന്ത്യാ പോസ്റ്റൽ പണിമുടക്കു ദിനം സംബന്ധിച്ചു് തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻെറ ആഭിമുഖ്യത്തിൽ കൂടിയ വമ്പിച്ച മഹായോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു് സ. ആർ. സുഗതൻ പ്രസ്താവിച്ചതു്. തൊഴിൽ കുഴപ്പങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നതിനും, ഇപ്പോൾ ഉണ്ടായിരിക്കുന്ന തർക്കങ്ങൾ രമ്യതയിൽ തീർക്കുന്നതിനും ഗവർമ്മെൻറു് അഡ്ജുഡിക്കേററന്മാരെ നിയമിച്ചിട്ടുണ്ടു്. ഈ നിയമനത്തിനുശേഷം ആലുവാ അലുമിനിയം ഫാക്ടറിയിൽനിന്നും നാല്പതു തൊഴിലാളികളെ മാനേജുമെൻറു് പിരിച്ചുവിട്ടിരിക്കുന്നു. അഡ്ജുഡിക്കേററരെ നിയമിച്ചതിനുശേഷം മാനേജുമെൻറിൻെറ ഭാഗത്തു നിന്നുമുള്ള ഇത്തരം നടപടി ധിക്കാരപരവും, ശിക്ഷാർഹവുമാണ്. ഈ പരിതഃസ്ഥിതിയിൽ വേണ്ടിവന്നാൽ അഡ്ജുഡിക്കേഷൻ നിരാകരിച്ചുകൊണ്ടു് തിരുവിതാംകൂറിൽ പൊതുപണിമുടക്കു വരെയുള്ള പരിപാടികൾ അംഗീകരിക്കേണ്ടിവരു"മെന്നാണ്, കൊല്ലം, ആലുവാ, കുത്തിയതോട്, ആലപ്പുഴ മുതലായ വ്യവസായകേന്ദ്രങ്ങളിലെ മുതലാളിമാരുടെ അക്രമത്തേയും, ഗവർമ്മെൻറിൻെറ നയത്തേയും വിമർശിച്ചുകൊണ്ടു് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചതു്.

യോഗത്തിൽ തൊഴിലാളികളും, പൊതുജനങ്ങളും ഉൾപ്പെടെയുള്ള സദസ്സിൻെറ വിപുലതയെ പരിഗണിച്ചു് ഉച്ചഭാഷിണിയന്ത്രം ഘടിപ്പിച്ചിരുന്നു.

കയർഫാക്ടറികളിലെ തൊഴിലില്ലായ്മ, മുതലാളിമാരുടെ സമാധാന ഭഞ്ജകങ്ങളായ നടപടികൾ, യൂണിയൻ റിലീഫ് പ്രവർത്തനം മുതലായവയെ വിശദീകരിച്ചുകൊണ്ടു് യൂണിയൻ ജനറൽ സെക്രട്ടറി സ. കെ. കെ. കുഞ്ഞൻ സ്വാഗത പ്രസംഗംചെയ്തു.

തുടർന്നു് ഇന്നത്തെ ഭക്ഷ്യസാധന സംഭരണ വിതരണങ്ങളുടെ കണക്കുകൾ പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തത്തക്കവിധം പരസ്യപ്പെടുത്തണമെന്നും, റേഷൻവിതരണത്തിൽ കടന്നുകൂടിയിരിക്കുന്ന അനാസ്ഥയും, അപര്യാപ്തതയും തുടർന്നുപോകുകയാണെങ്കിൽ ഇവയ്ക്കെതിരായി പൊതു പണിമുടക്കുവരെയുള്ള പരിപാടികൾ സ്വീകരിക്കണമെന്നും, അഖിലേന്ത്യാപോസ്റ്റൽ പണിമുടക്കിലും, കുത്തിയതോട് ഓയിൽ മില്ലിലെലോക്കൗട്ടിനെതിരായി തൊഴിലാളികളുടെപിക്കററിംഗിലും,—ആലുവാ അലൂമിനിയം ഫാക്ടറി തൊഴിലാളികളുടെ സത്യാഗ്രഹത്തിലും സഹഭാവവും സഹായ വാഗ്ദാനം ചെയ്യുന്നതും,—ശ്രീമതി അക്കാമ്മചെറിയാൻ തുടങ്ങിയ 12 പേരുടെ അറസ്റ്റിൽ പ്രതിഷേധിക്കുന്നതും, — ഇൻഡ്യൻ ഭരണഘടനാനിർമ്മാണ സമിതിയിലേക്കും —തിരുവിതാംകൂർ ഭാവിഭരണഘടന നിശ്ചയിക്കുന്നതിനു ജനപ്രതിനിധിസഭ വിളിച്ചുകൂട്ടുകയും—അതിലേക്കും ഉള്ള പ്രതിനിധികളെ പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ ആനുപാതിക പ്രാതിനിധ്യപ്രകാരം തെരഞ്ഞെടുക്കണമെന്നും, തിരുവിതാംകൂറിൽ ഉടനടി എല്ലാരാഷ്ട്രീയ കക്ഷികൾക്കും പ്രാതിനിദ്ധ്യമുള്ള ഒരു അഖിലകക്ഷി ഗവർമ്മെൻറു രൂപീകരിക്കണം എന്നും പ്രഖ്യാപനം ചെയ്യുന്നതും ആയ അഞ്ചു പ്രമേയങ്ങൾ സഖാവ് V. L. തോമ്മസ് അവതരിപ്പിച്ചു. പ്രമേയങ്ങളെ അനുകൂലിച്ചുകൊണ്ടു് ഭക്ഷ്യപ്രശ്നം, വ്യവസായസ്ഥിതി, ദിവാൻ ഭരണത്തിൻെറ ദോഷം മുതലായവയെപ്പററി സഖാക്കൾ V. K. അച്യുതൻ, P. G. പത്മനാഭൻ എന്നിവർ പ്രസംഗിച്ചു.

## കുത്തിയതോട്ടിലെ പിക്കററിംഗ്

(ററി. എം. അബ്ദൽഖാദർ)

കുത്തിയതോട് ഓയിൽമില്ലിലെ പിക്കററിംഗ് ഒരു മാസത്തിനപ്പുറമായി അങ്ങിനെ തുടരുകയാണ്. ആലപ്പുഴ ഓയിൽമിൽ തൊഴിലാളികൾക്കു ലഭിച്ചിട്ടുള്ളതിൽ കൂടിയ ആനുകൂല്യങ്ങളൊന്നും ഞങ്ങൾ ആവശ്യപ്പെട്ടിട്ടില്ല.

അധികാരികൾ ന്യായമായ ഒരു ഇടപെടലിനും തയ്യാറായി കാണുന്നില്ല. ചിലപ്പോൾ പോലീസുകാർ ഭീഷണിപ്പെടുത്തി നോക്കുന്നുമുണ്ടു്. മുതലാളിമാരുടെ അക്രമങ്ങൾ തടയുവാനോ,ന്യായമായ തീരുമാനം ഉണ്ടാക്കാനോ തയ്യാറാകാത്ത അധികൃതരുടെ നയം വിചിത്രമായിരിക്കുന്നു.

വെള്ളപ്പൊക്കത്താൽ വളരെയേറെ കഷ്ടതകൾ അനുഭവിച്ചു ഞങ്ങൾ മഴയും മഞ്ഞുമേററു കൊണ്ടു രാത്രിയും പകലും പിക്കററിങ്ങ് നടത്തുന്നു. ഏതാനുംപേർ സുഖക്കേടിനടിപ്പെട്ടിട്ടുണ്ടു്. പക്ഷെ ഇതൊന്നും നിരാശയിലേയ്ക്കു ഞങ്ങളെ തള്ളിയിടുകയില്ല. ഏതു അഗ്നി പരീക്ഷണത്തെയും നേരിട്ടു അവകാശങ്ങൾ പിടിച്ചു വാങ്ങുകതന്നെ ചെയ്യും.

ഞങ്ങളുടെ വിജയം നാട്ടുകാരുടെ വിജയമാണ്; പരാജയം നാട്ടുകാരുടെ പരാജയമാണ്. ഓരോ നാട്ടുകാരനോടും ഞങ്ങൾ സഹായം അഭ്യർത്ഥിക്കുന്നു.

## വഞ്ചിനാട്ടു തീപ്പെട്ടിക്കമ്പനിയിൽ-

മുടിക്കൽ തീപ്പെട്ടിക്കമ്പനിയിലെ ലോക്കൗട്ടിനെയും മർദ്ദനത്തെയും തുടർന്നുണ്ടായ സത്യാഗ്രഹം അവസാനിച്ചിരിക്കുന്നു. താഴെപ്പറയുന്ന വ്യവസ്ഥകൾ സമ്മതിക്കപ്പെട്ടിരിക്കുന്നു. എല്ലാ തൊഴിലാളികൾക്കും മുടങ്ങാതെ ജോലി കൊടുക്കാമെന്നും ഗ്രക്കാവാച്ചർമാരുടെ നടപടിയെപ്പററി അന്വേഷണം നടത്താമെന്നും, പ്രക്ഷോഭണത്തിൽ പങ്കെടുത്തവരുടെമേൽ ശിക്ഷണനടപടികൾ എടുക്കുകയില്ലെന്നും, നോട്ടീസ് മലയാളത്തിലാക്കാമെന്നും ഫാക്ടറി മാനേജർ സമ്മതിച്ചിരിക്കുന്നു.

## കർക്കടകം 13

കൊച്ചിസംസ്ഥാനം ഒട്ടുക്ക് ഇന്നു് ഉത്തരവാദഭരണദിനം ആചരിച്ചു. ഇതു സംബന്ധിച്ചു എറണാകുളത്തു കൂടിയ മഹായോഗത്തിൽ പതിനായിരത്തിലധികം തൊഴിലാളികൾ സംബന്ധിച്ചിരുന്നു. ടാററാ, ബർമ്മാഷെൽ തുടങ്ങിയ എല്ലാ പ്രമുഖഫാക്ടറികളിലെയുംതൊഴിലാളികൾ വമ്പിച്ചൊരു ഘോഷയാത്രയായിട്ടാണ് സമ്മേളനസ്ഥലത്തെത്തിയതു്. എല്ലാ തൊഴിലാളികളും ഇന്നു പണി മുടക്കുകയുണ്ടായി.

## ആലുപുരം സത്യാഗ്രഹം.

(ററി. സി. കണ്ണൻ)

പന്ത്രണ്ടാം ദിവസവും അലുമിനിയം ഫാക്ടറിയിലെ സത്യാഗ്രഹം തുടരുകയാണ്. പിരിച്ചുവിട്ടവരെ തിരിച്ചെടുക്കണമെന്നുള്ള അടിയന്തിരാവശ്യത്തിനു പരിഹാരമുണ്ടാക്കാതെ സന്ധിസംസാരം നീട്ടുകയാണ് മാനേജമെൻറു ശ്രമിക്കുന്നതു്. ഒരു മദ്ധ്യസ്ഥ തീരുമാനത്തെ പ്രതീക്ഷിച്ചുകൊണ്ടാണ് ഞങ്ങൾ പണിമുടക്കു നിറുത്തിവച്ചതു്. ഗവർമെൻറു് ഒരു ജഡ്ജിയെ മദ്ധ്യസ്ഥനായി നിയമിച്ചിട്ടുണ്ടു്. എന്നാൽ ഇതിനുശേഷംകൂടി 43 പേരെ പിരിച്ചുവിടാൻ മാനേജമെൻറു് മുതിർന്നിരിക്കുന്നു. ഇതു തികച്ചും

## നമ്മുടെസാഹിത്യനിരൂപണം

(10-ാം പേജിൽ നിന്നു്)

ട്ടുള്ള ശ്രീ ഗുപ്തൻ നായരെപ്പോലെയുള്ള ഏതാനും വാസനാനുഗ്രഹീതരായ ചെറുപ്പക്കാർ ഭാഷാസാഹിത്യത്തിനു ഇന്നു ലഭിച്ചിട്ടുള്ളതു് അതിൻെറ നിരൂപകശാഖയ്ക്കു് ഒരു നല്ല ഭാവിയുണ്ടെന്നു സൂചിപ്പിക്കുകയും ചെയ്യുന്നു.

## പ്രസന്നകേരളം ഓണം വിശേഷാൽപ്രതി

പ്രസന്നകേരളത്തിൻെറ ഓണം വിശേഷാൽപ്രതി പ്രസിദ്ധപ്പെടുത്തുന്നതിനു് ഞങ്ങൾ ഗവർമ്മെൻറിനോടു് അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടു്. അനുമതി ലഭിച്ചാലുടൻ കൂടുതൽ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.

മാനേജർ

## അടുത്തലക്കത്തിൽ

1. അന്തരംഗം (ചെറുകഥ) വെട്ടൂർ രാമൻ നായർ
2. ആ നീലക്കുയിൽ-ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.
3. ആനുപാതിക പ്രാതിനിദ്ധ്യം
   സി. അച്ചുതമേനോൻ ബി. എ. ബി. എൽ.
4. "സാമ്പിൾ അസംബ്ളി"-ഡീസീ
5. നായർ എന്തുചെയ്യണം?
   എൻ. രാഘവക്കുറുപ്പ് ബി. എ. ബി. എൽ.
6. പൊററക്കാടിൻെറ "ചന്ദ്രകാന്തം" (വിമർശം)
   കെ. സി. സഖറിയാ എം. എ. എൽ.എൽ. ബി.
7. നാടകവേദി
   സി. ജെ. തോമസ് ബി. എ. ബി. എൽ.
8. ഗ്രന്ഥാലയങ്ങൾ
   കെ. ജെ. തോമസ് ബി. എ.

Reg No
T. 66

# PRASANNAKERALAM

License No. 390
Dated 15-6-1939

സ്വേച്ഛാധികാരപ്രമത്തത മാത്രമാണ്.

ഈ നടപടികളിൽ പ്രതിഷേധിച്ചുകൊണ്ട്, ശ്രീചിത്രാമിൽ, ഗ്ലാസ്ഫാക്ടറി, സ്റ്റാൻഡേർഡ് പോർട്ടറി വർക്ക്സ് ഈ ഫാക്ടറികളിലെ തൊഴിലാളികൾ ഒരു ദിവസത്തെ അനുഭവപ്പണിമുടക്ക് നടത്തിയിരിക്കുന്നു.

## അവസാനം

(പ്രത്യേക ലേഖകൻ)

ജൂലൈ 30.

പിരിച്ചുവിട്ട എല്ലാതൊഴിലാളികളെയും തിരിയെ ജോലിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ലേബർ കമ്മീഷണരുടെ വ്യവസ്ഥകൾ മാനേജ്മെൻറ് സ്വീകരിച്ചു. ഐ. ജി., ഡി. എം., മുതലായവരുടെ സാന്നിദ്ധ്യത്തിൽ യൂണിയൻ പ്രതിനിധികളും കമ്പനി പ്രതിനിധികളും സന്ധിവ്യവസ്ഥയിൽ ഒപ്പുവച്ചു.

## പുനലൂർ പേപ്പർമിൽ

നേരത്തേ നോട്ടീസ് കൊടുത്തിരുന്നതനുസരിച്ചു പുനലൂർ പേപ്പർമില്ലിലെ 800-ൽ പരം തൊഴിലാളികൾ കർക്കടകം പത്താംതീയതി അർദ്ധരാത്രിമുതൽ പണിമുടക്കിയിരിക്കുന്നു, ഒത്തുതീർപ്പിനുള്ള പോലീസ് വകുപ്പിന്റെയും ലേബർ വകുപ്പിന്റെയും ശ്രമം പരാജയപ്പെടുകയാണുണ്ടായത്. പണിമുടക്കം അടക്കത്തോടെ തുടരുന്നു. എല്ലാ ഗയിറ്റുകളിലും വാളൻറിയർമാർ കാവൽനിൽക്കുന്നു.

## ചെത്തുകാരുടെ അടിയന്തിരാവശ്യങ്ങൾ

(സി. ആർ. ദാസ്)

കോട്ടയം ചെത്തുതൊഴിലാളി യൂണിയൻ അംഗീകരിച്ച അടിയന്തിരാവശ്യങ്ങളിൽ പ്രധാനപ്പെട്ടവ:—

I. ഷാപ്പുടമസ്ഥന്മാർ ഈടാക്കിവരുന്ന "ഷാപ്പാദായം" നിറുത്തലാക്കണം. (2) കള്ള് 24 ഔൺസിനു 6 നേ. യാക്കുക, (3) ഒരു ദിവസത്തെ കള്ള് ഷാപ്പുടമസ്ഥൻ സൗജന്യമായി എടുക്കുന്ന രീതി നിറുത്തണം. (4) "പാർട്ടിഫീസ്" സമ്പ്രദായം പാസ്‌വിലഎടുക്കൽ ഇവ ഇല്ലായ്മ ചെയ്യണം. (5) ആഴ്ചതോറും കണക്കുതീർത്തു തൊഴിലാളിക്കു ലഭിക്കേണ്ട തുക കൊടുക്കണം. (6) തൊഴിലാളിയെ പിരിച്ചുവിട്ടുകൂടാ. (7) അപകടം സംഭവിക്കുന്നവർക്കു നഷ്ടപരിഹാരം കിട്ടണം. (8) ചില്ലറ വരുന്ന കള്ളിനും വില കിട്ടണം. (9) അബ്കാരിനിയമങ്ങൾ പരിഷ്ക്കരിക്കുക. (10) കള്ളുവ്യവസായം ശാസ്ത്രീയമായി പുനഃസംഘടിക്കുക.

## യുദ്ധസേവനം

പല വകുപ്പുകളിലായി യുദ്ധസേവനംകഴിഞ്ഞ് മടങ്ങിയെത്തി തൊഴിലില്ലാതെ വിഷമിക്കുന്ന വളരെആളുകൾ നമ്മുടെ നാട്ടിലുണ്ട്. അവരുടെ സംരക്ഷണത്തിനും പുരോഗതിക്കും വേണ്ടി ഒരു സംഘടനയും സ്ഥാപിച്ചിട്ടുണ്ട്. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ ഭീമമായ തോതിൽ ഒരു

### ട്രാൻസ്പോർട്ട് കമ്പനി

സ്ഥാപിക്കുവാൻ ആലോചനകൾ നടനുവരുന്നു. സഹായകരമായ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യപ്പെടുന്നതാണ്. വിശദവിവരങ്ങൾ അറിയണമെന്നുള്ളവർ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുത്തുകുത്തു നടത്തുവാൻ ക്ഷണിച്ചുകൊള്ളുന്നു.

N. B. യുദ്ധസേവനം കഴിഞ്ഞു തിരിച്ചെത്തിയിട്ടുള്ളവരെയും തിരിച്ചെത്താനുള്ളവരെയും മാത്രം ഉദ്ദേശിച്ചാണ് ഈ സംരംഭം തുടങ്ങിയിട്ടുള്ളത്. അതുകൊണ്ട് അവർ മാത്രം എഴുതിയാൽ മതിയാകും.

ജി. ജയിംസ്

പുത്തൻ ബങ്കളാവ്, ദേവികുളം
(തിരുവിതാംകൂർ)

## വായന

അതു മനുഷ്യന്റെ ആഹാരമാണ്.

### പീപ്പിൾസ് ബുക്ക് ഹൗസ്

തിരുവനന്തപുരം (H. O. Bombay).

വിവിധ രാഷ്ട്രീയ പുസ്തകങ്ങൾ, പുരോഗമന സാഹിത്യങ്ങൾ, ലണ്ടൻ, അമേരിക്ക, ബോംബെ മുതലായ പട്ടണങ്ങളിൽനിന്നും പുറപ്പെട്ട വിദേശ മാസികകൾ നേരിട്ടു വരുത്തുന്ന ഏകപുസ്തകാലയം.

ഉടൻ വി. പി. ക്കെഴുതുക.

| | | |
|---|---|---|
| I. | ഒന്നേകാൽ കോടി മലയാളികൾ. (ഇ. എം. എസ്) | 0—8—0 |
| 2. | തിരുവിതാംകൂറിന്റെ ഭാവി (കെ. സി. ജോർജ്ജ്) | 0—8—0 |
| 3. | Russian Revolution | 1—8—0 |
| 4. | Problems of Leninsum | 3—0—0 |
| 5. | Invasuu (A Russian Drama) | 1.12—0 |
| 6. | സർ സി. പി. ക്കോപരിവർത്തനം | 0—3—0 |

കൂടാതെ കമ്മ്യൂണിസ്റ്റ് പാർട്ടിവക സാഹിത്യങ്ങൾ എപ്പോഴും വില്പാൻ തയാർ.

## ബ്ളഡ്-ഇൻ-ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു താരുണ്യത്തെയും ലാവണ്യത്തെയും പ്രദാനംചെയ്യുന്നു. രക്തശുദ്ധിക്കും പ്രസവശേഷമുള്ള ആരോഗ്യാഭിവൃദ്ധിക്കും അത്യുത്തമം.

എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

കേരളത്തിലെ

## ചലച്ചിത്രനിർമ്മാണ

സംരംഭത്തിന്റെ അരുണോദയം

* * *

പ്രതീക്ഷിക്കുക

കേരളടോക്കീസിന്റെ പ്രഥമ സാമൂഹ്യചിത്രം

?

ഡയറക്ടർ ബോർഡ് ചെയർമാൻ
ഗ്രാണ്ട് ഷവലിയർ റാവുസാഹിബ് സി. പി. ലോനപ്പൻ
സ്റ്റുഡിയോ:—മോഡേൺ തിയേറേഴ്സ്, സേലം
ഡയറക്ടർ—എ. വി. കൃഷ്ണയ്യർ, പാലക്കാട്
(Late of "Pragati Studios, Madras)
സംഗീത ഡയറക്ടർ:—ഇ. ഐ. വാരിയർ, തൃശ്ശിവപേരൂർ.
(Late of "His Mrster's Voice" Madras and Jayant Desai Productions. Bombay)

**A FEW MORE SHARES AVAILABLE**

*Apply sharp:* P. J. CHERIAN & SONS.
Managing Agents,
**Kerala Talkies Limited, Ernakulam.**

Printed at the Powra Dhwany Press, Kottayam.
& Published by Anjiliparampil Kumaran at Kottayam.